# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3925 24/06/2014-ൽ മറുപടിക്ക്

### ഭൂമിയും വീടുമില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗക്കാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. എം. ആരിഫ്: | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ മൊത്തം ജനസംഖ്യ ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്രയാണ്; അതിൽ സ്ത്രീകൾ എത്ര; പുരുഷന്മാർ എത്ര; | (എ) | 2011 ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനസംഖ്യ 4,84,839 ആണ്. അതിൽ 2,46,636 പേർ സ്ത്രീകളും, 2,38,203 പേർ പുരുഷൻമാരുമാണ്. |
| (ബി) | അതിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എത്ര; | (ബി) | 4,84,839 പേർ |
| (സി) | പട്ടികവർഗ്ഗത്തിൽ എത്ര കുടുംബങ്ങളുണ്ട് ; | (സി) | 2008 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സഹകരണത്തോടെ ശേഖരിച്ച വിവരമനുസരിച്ച് സംസ്ഥാനത്ത് 1,07,965 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. |
| (ഡി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബത്തിന് സ്വന്തമായി ഭൂമിയുണ്ട്; വീടുണ്ട്; ഭൂമിയും വീടും ഇല്ലാത്തവർ എത്ര; ഭൂമിയുണ്ടെങ്കിലും വീടില്ലാത്തവർ എത്ര; | (ഡി) | 2008 ലെ സർവ്വേ പ്രകാരം 98,156 കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയും, 95,030 കുടുംബങ്ങൾക്ക് വീടുമുണ്ട്. 9,809 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളും ഭവന രഹിതരായി 12,935 കുടുംബങ്ങളും ഉണ്ട്. അതനുസരിച്ച് കൈവശഭൂമിയുള്ള 3,126 പേർ ഭവന രഹിതരായുണ്ട്. |
| (ഇ) | 2014 മാർച്ച് 31 ആകുമ്പോഴേയ്ക്കും പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയും വീടും ഉണ്ടാകും; അതിനുശേഷം ഭൂമിയും വീടും ഇല്ലാത്തവരായി എത്ര കുടുംബങ്ങൾ അവശേഷിക്കും; വിശദമാക്കാമോ? | (ഇ) | സംസ്ഥാനത്ത് കൈവശഭൂമിയുള്ള ഭവന രഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും അടുത്ത രണ്ട് വർഷത്തിനകം ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. ഇതിലേയ്ക്കായി കൈവശഭൂമിയുള്ള ഭവനരഹിതരായവരുടെ ഏറ്റവും ഒടുവിലത്തെ വിവരങ്ങൾ ഇപ്പോൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ, ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് പരമാവധി 10 ലക്ഷം രൂപ ചെലവഴിച്ച് 25 സെന്റിൽ കുറയാതെ ഒരേക്കർ വരെ ഭൂമി വാങ്ങി നൽകുന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ